**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 262** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് പഞ്ചായത്തു വകുപ്പിൽ പഞ്ചായത്തു സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള പഞ്ചായത്ത് സെക്രട്ടറിമാരുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം: 7

2. കൊല്ലം: 7

3. ആലപ്പുഴ: 7

4. കോട്ടയം: 5

5. ഇടുക്കി : 6

6. എറണാകുളം: 13

7. തൃശ്ശൂർ : 9

8. പാലക്കാട്: 13

9. മലപ്പുറം: 6

10. കോഴിക്കോട്: 12

11. വയനാട്: 4

12. കണ്ണൂർ : 6

13. കാസർഗോഡ്: 4

**ആകെ 99**

തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലെ ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം: 6
2. കൊല്ലം: 10
3. പത്തനംതിട്ട: 7
4. ആലപ്പുഴ: 7
5. കോട്ടയം: 5
6. ഇടുക്കി: 7
7. എറണാകുളം: 11
8. തൃശ്ശൂർ: 8
9. പാലക്കാട്: 11
10. മലപ്പുറം: 17
11. കോഴിക്കോട്: 5
12. വയനാട്: 5
13. കണ്ണൂർ: 9
14. കാസർഗോഡ്: 11

**ആകെ: 119**

**(ബി)** 2026 ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രസ്തുത തസ്തികകളിൽ നിന്നും എത്ര പേർ വിരമിച്ചു എന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** 2026 ഏപ്രിൽ, മെയ് മാസങ്ങളിലായി പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും 99 പേരും അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ 124 പേരും വിരമിച്ചിട്ടുണ്ട്.

**(സി)** വിരമിക്കൽ മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കാമോ;

**<u>മറുപടി:</u>** സ്വീകരിച്ചിട്ടുണ്ട്.

**<u>സെക്രട്ടറി തസ്തിക:</u>**

വിരമിക്കൽ മൂലവും മറ്റ് കാരണങ്ങളാലും ഉണ്ടായിട്ടുള്ള ഒഴിവുകൾ കൃത്യസമയത്ത് തന്നെ കേരള പബ്ലിക് സർവീസ് കമ്മീഷന് (KPSC) റിപ്പോർട്ട് ചെയ്യുന്നതിനും, വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ (DPC) വഴി അർഹരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയാണ്.

**<u>അസിസ്റ്റന്റ് സെക്രട്ടറി തസ്തിക:</u>**

5 ഒഴിവുകൾ നികത്തിയിട്ടുണ്ട്. ബാക്കി സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**(ഡി)** പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തും എന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** **<u>സെക്രട്ടറി തസ്തിക:</u>**

വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ (DPC) വഴി അർഹരായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ നിലവിൽ വകുപ്പുതലത്തിൽ പ്രൊമോഷൻ/സ്ഥലംമാറ്റ ഉത്തരവുകൾ ലഭിച്ചിട്ടും വിവിധ കാരണങ്ങളാൽ (കോടതി സ്റ്റേ, അവധി തുടങ്ങിയവ) ജോലിയിൽ പ്രവേശിക്കാത്തവരുടെ തസ്തികകളിലെ തടസ്സങ്ങൾ നീക്കുന്ന മുറയ്ക്കും നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി നികത്താൻ കഴിയുന്നതാണ്.

**<u>അസിസ്റ്റന്റ് സെക്രട്ടറി തസ്തിക:</u>**

സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ച് നടപടിക്രമം പൂർത്തീകരിക്കുന്ന മുറയ്ക്ക് നികത്താൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**